**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 61 — 10.06.2019-ൽ മറുപടിയ്ക്ക്.

## നാട്ടാനകളുടെ സംരക്ഷണം

| ചോദ്യം<br>ശ്രീ.പി.സി.ജോർജ്ജ് | ഉത്തരം<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|
| (എ) നാട്ടാനകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) 1972 ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ ഷെഡ്യൂൾ 1ൽ വരുന്ന വന്യജീവിയാണ് നാട്ടാന. നാട്ടാനകളുടെ സംരക്ഷണവും പരിപാലനവും നിർവ്വഹിക്കുന്നത് ഈ നിയമത്തിലെ വിവിധ വകുപ്പുകൾ കൂടാതെ 2012 ൽ നിലവിൽ വന്ന നാട്ടാന പരിപാലന ചട്ടങ്ങളും അനുസരിച്ചാണ്. നാട്ടാനകളുടെ പാർപ്പിട സൗകര്യം, ആനകളുടെ സംരക്ഷണവും ശുശ്രൂഷയും, ജോലി വ്യവസ്ഥകൾ, ഉടമസ്ഥരുടെ കടമകളും ഉത്തരവാദിത്തങ്ങളും, ആനയെ വാഹനത്തിൽ കൊണ്ടു പോകുന്ന വിധം എന്നിവയെല്ലാം സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഈ ചട്ടങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആനയ്ക്ക് നൽകേണ്ട ഭക്ഷണം, അതിന്റെ അളവ്, ആനകളെ പൊതു പരിപാടികളും ഉൽസവങ്ങളിലും പങ്കെടുപ്പിക്കുന്നത് സംബന്ധിച്ചും, നാട്ടാനകളെ പൊതു പരിപാടിയിൽ പങ്കെടുപ്പിക്കുമ്പോൾ പാലിക്കേണ്ട കാര്യങ്ങൾ തുടങ്ങിയവയും ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. മേൽ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ട നിയമപരമായ ബാധ്യത വനം വകുപ്പിന് ഉണ്ട്.<br>നാട്ടാനകളുടെ സംരക്ഷണത്തിനും പരിപാലന ത്തിനുമായി സംസ്ഥാന വനം വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ/ നടപടികൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) സംസ്ഥാനത്ത് നാട്ടാനകളുടെ സെൻസസ് എടുത്തിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (ബി) ബഹു. സുപ്രീംകോടതിയുടെ നിർദ്ദേശാനുസരണം സംസ്ഥാനത്തെ നാട്ടാനകളുടെ ജില്ല തിരിച്ചുള്ള സെൻസസ് 29.11.2018-ന് പൂർത്തിയായിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| ജില്ല | എണ്ണം | സെൻസസ് തീയതിക്കു ശേഷം ചരിഞ്ഞ ആനകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 48 | 4 |
| കൊല്ലം | 61 | 2 |

| | | |
|---|---|---|
| കോട്ടയം | 64 | 0 |
| പത്തനംതിട്ട | 25 | 1 |
| ആലപ്പുഴ | 20 | 0 |
| എറണാകുളം | 23 | 2 |
| ഇടുക്കി | 48 | 1 |
| തൃശ്ശൂർ | 145 | 1 |
| പാലക്കാട് | 55 | 2 |
| കോഴിക്കോട് | 12 | 1 |
| കണ്ണൂർ | 3 | 0 |
| മലപ്പുറം | 7 | 0 |
| വയനാട് | 10 | 0 |
| കാസർഗോഡ് | 0 | 0 |
| ആകെ | 521 | 14 |

സെൻസസ് തീയതിയ്ക്ക് ശേഷം നാളിതുവരെ 14 നാട്ടാനകൾ ചരിഞ്ഞിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് 507 നാട്ടാനകൾ ഉണ്ട്.

(സി) നാട്ടാനകളുടെ സംരക്ഷണത്തിനായി പാപ്പാന്മാർക്ക് സർക്കാർ എന്തൊക്കെ പരിശീലനങ്ങളാണ് നടപ്പിലാക്കിയിരിക്കുന്നത് എന്ന് വിശദമാക്കാമോ?

(സി) കേരള വനം വകുപ്പ് പാപ്പാന്മാർക്കായി 5 ദിവസത്തെ പരിശീലന പരിപാടി നടത്തി വരുന്നു. ഈ പരിശീലനത്തിൽ ആനകളുടെ ജീവശാസ്ത്രം, ജീവിതശൈലി സംബന്ധമായ വിഷയങ്ങളും, നാട്ടാന പരിപാലനം, ആരോഗ്യ പരിപാലനം, ആനകളുടെ സ്വാഭാവ രീതികൾ തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വിജയകരമായി പരിശീലനം പൂർത്തിയാക്കിയവർക്ക് ഫോട്ടോ പതിച്ച സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്. തൃശ്ശൂർ, കൊല്ലം, പാലക്കാട്, എറണാകുളം എന്നീ ജില്ലകളിലായി 189 ആന പാപ്പാൻമാർക്ക് നാളിതുവരെ പരിശീലനം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

1. നാട്ടാനകളെ സംബന്ധിച്ച എല്ലാ വിവരങ്ങളും ശേഖരിച്ച ശേഷം അവ പരിശോധിച്ച് ക്രോഡീകരിച്ച് ഡാറ്റാ ബാങ്ക് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന പരാതികളും മറ്റു തർക്കങ്ങളും പരിശോധിക്കുന്നതിന് ഈ വിവര ശേഖരണം ഉപയോഗപ്പെടുത്തി വരുന്നുണ്ട്.

2. നാട്ടാനകളെ ശരിയായ രീതിയിൽ പരിപാലിക്കുന്നു എന്ന് ഉറപ്പാക്കാൻ തിരഞ്ഞെടുത്ത നാട്ടാനകളെ ഒരു നിശ്ചിത കാലത്തേയ്ക്ക് വനം വകുപ്പുദ്യോഗസ്ഥർക്ക് നിരീക്ഷിക്കുന്നതിനായി ഓൺലൈൻ മോണിട്ടറിംഗ് സിസ്റ്റം സജ്ജമാക്കിയിട്ടുണ്ട്. ഈ സംവിധാനം നാട്ടാനകളുടെ ദൈനംദിന നീക്കങ്ങൾ മനസ്സിലാക്കുവാനും, ആരോഗ്യസ്ഥിതി വിലയിരുത്തുവാനും, പീഡനങ്ങൾ ഒഴിവാക്കുവാനും ഉപയോഗപ്പെടുന്നുണ്ട്.

3. അടുത്ത കാലത്തായി നാട്ടാനകളുടെ മരണ നിരക്ക് കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2018 ൽ മാത്രം 34 നാട്ടാനകൾ ചരിഞ്ഞ സാഹചര്യത്തിൽ, വെറ്ററിനറി ഡോക്ടർമാർ ഉൾപ്പെട്ട ഒരു വിദഗ്ധ സംഘത്തെ ഇവയുടെ വർദ്ധിച്ച മരണ നിരക്ക് അപഗ്രഥിച്ച് കാരണങ്ങൾ കണ്ടെത്തുവാൻ നിയോഗിക്കുകയുണ്ടായി. കൃത്യമായ പരിചരണ കുറവും, പോഷകാഹാരത്തിന്റെ അഭാവവും, വിശ്രമമില്ലാതെ ആനകളെ തുടരെ പരിപാടികളിൽ പങ്കെടുപ്പിക്കുന്നതുമാണ് നാട്ടാനകളിലെ വർദ്ധിച്ച മരണ നിരക്കിന് പ്രധാനപ്പെട്ട കാരണങ്ങളായി കണ്ടെത്തിയിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ 40 വയസ്സിനു മുകളിലുള്ള ആനകളെ പരിപാടികളിൽ പങ്കെടുപ്പിക്കുന്നതിന് മെഡിക്കൽ പരിശോധന റിപ്പോർട്ട് നിർബ്ബന്ധമാക്കിയിട്ടുണ്ട്.

4. സംസ്ഥാനത്തെ 512 നാട്ടാനകളെ ശാസ്ത്രീയമായി തിരിച്ചറിയുന്നതിലേയ്ക്കായി, ഇവയുടെ ജനിതക ഘടനയുടെ ഡി.എൻ.എ. പ്രൊഫൈലിംഗ് പൂർത്തിയാക്കിയിട്ടുണ്ട്.

5. പൊതുജന പങ്കാളിത്തത്തോടുകൂടി നാട്ടാന പരിപാലന ചട്ടം നടപ്പിലാക്കുന്നതിലേയ്ക്കായി ഒരു മൊബൈൽ ആൻറ് വെബ് ആപ്ലിക്കേഷൻ വനം വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

6. നാട്ടാനകൾക്ക് മികച്ച ആരോഗ്യപരിരക്ഷ ഉറപ്പ് വരുത്തുന്നതിലേയ്ക്കായി വനം വകുപ്പിലെ പരിചയ സമ്പന്നരായ ചീഫ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസറുടെയും, ഫോറസ്റ്റ് വെറ്ററിനറി ഓഫീസറുടെയും അസ്സിസ്റ്റൻറ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർമാരുടെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. അടിയന്തര സാഹചര്യങ്ങളിൽ ആനകളെ പരിശോധിക്കുന്നതിനും ആവശ്യമായ വൈദ്യസഹായം നൽകുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

7. നാട്ടാന പരിപാലനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വനം വകുപ്പ് പാപ്പാന്മാർക്കായി 5 ദിവസത്തെ പരിശീലന പരിപാടി നടത്തി വരുന്നു. ഈ പരിശീലനത്തിൽ ആനകളുടെ ജീവശാസ്ത്രം, ജീവിതശൈലി സംബന്ധമായ വിഷയങ്ങളും, നാട്ടാന പരിപാലനം, ആരോഗ്യ പരിപാലനം, ആനകളുടെ സ്വാഭാവ രീതികൾ തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്ക് ഫോട്ടോ പതിച്ച സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്.

8. അവശത അനുഭവിക്കുന്ന നാട്ടാനകളുടെ സംരക്ഷണത്തിനും പരിചരണത്തിനും ആവശ്യമായ സൗകര്യത്തോടെ തിരുവനന്തപുരം ജില്ലയിലെ കോട്ടൂരിൽ ആന പുനരധിവാസകേന്ദ്രത്തിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

9. നാട്ടാനകളുടെ ശരിയായ പരിപാലനം ഉറപ്പാക്കുന്നതിനും വർദ്ധിച്ചുവരുന്ന പീഢനങ്ങൾ തടയുന്നതിനും വേണ്ടി നിലവിലെ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന കാര്യം (ഡി2/312/18/വനം നം സർക്കാർ ഫയൽ പ്രകാരം)പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ